# ഉദിച്ചുയരുന്ന താരങ്ങൾ

കെ. രാജേശ്വരി



ഉദിച്ചുയരുന്ന താരങ്ങൾ

കെ. രാജേശ്വരി
(മലയാളം: ലേഖനം)

© 2025, Adv. A. Jayasankar

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Portrait of Miss Vilhelmine (Ville) Hage, a painting by Wilhelm Marstrand (1810–1873). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉദിച്ചുയരുന്ന താരങ്ങൾ



കുൽദീപ് ബിഷ്ണോയ്

പുലിറ്റ്സർ മാതൃകയിൽ, നിർലജ്ജ പത്രപ്രവർത്തനത്തിന് സമ്മാനം ഏർപ്പെടുത്തുന്നപക്ഷം ആയതിന് ഏതുപേരാകും ഉചിതം? മനോരമ പ്രൈസ് എന്ന് പറയാൻ രണ്ടാമതൊന്ന് ആലോചിക്കേണ്ടതില്ല. ചിതൽപുറ്റിനെ ഹിമാലയ പർവതത്തോട് തുലനം ചെയ്യാനും മൂക്കുന്നിമലയെ വർണിച്ച് എവറസ്റ്റ് കൊടുമുടിയാക്കാനും അച്ചായനുള്ള പ്രാഗല്ഭ്യം അന്യാദൃശം, അദ്ഭുതാവഹം.



രാജീവ് ഗാന്ധി

രാജഭരണകാലത്ത് അന്നദാതാവായ പൊന്നുതമ്പുരാനെ നിതരാം സ്തുതിച്ചു, വഞ്ചീശമംഗളം നിറുത്താതെ ആലപിച്ചു. അഞ്ചാം ജോർജ് ചക്രവർത്തിയുടെ ആരോഗ്യത്തിനും ആയുസ്സിനും വേണ്ടി കർത്താവ് തമ്പുരാനോട് മുട്ടിപ്പായി പ്രാർഥിച്ചു. പ്രാർഥനക്കും പ്രവൃത്തിക്കും ഫലമുണ്ടായി: നിയമസഭാംഗത്വം, ബാങ്ക്, ഇൻഷുറൻസ് കമ്പനി, കായൽകൃഷി, തോട്ടങ്ങൾ, അങ്ങനെ പലതും.



രാഹുൽഗാന്ധി

സർവശക്തനായ ദൈവം പഴയ നിയമത്തിലെ ഇയ്യോബിനെയെന്നപോലെ കണ്ടത്തിൽക്കാരെയും പരീക്ഷിച്ചു. സാത്താൻ പരദേശ ബ്രാഹ്മണ വേഷത്തിലെത്തി ബാങ്ക് പൊളിച്ചു, ഇൻഷുറൻസ് കമ്പനി പൂട്ടിച്ചു. പത്രം കണ്ടുകെട്ടി, പത്രാധിപനെ ജയിലിലടച്ചു. പ്രിവി കൗൺസിൽ വരെ കേസുനടത്തിയിട്ടും ഫലമുണ്ടായില്ല.



ഇന്ദിരാഗാന്ധി

1947 ആഗസ്റ്റ് 15-ന്റെ ശുഭമുഹൂർത്തത്തിൽ കണ്ടത്തിൽ തറവാട്ടുകാരൊന്നടങ്കം കോൺഗ്രസുകാരായി. യൂനിയൻ ജാക്കിന്റെ സ്ഥാനത്ത് ത്രിവർണപതാക ഉയർത്തി, ആറാം ജോർജിന് പകരം മഹാത്മാഗാന്ധിക്ക് 'കീ ജയ്' വിളിച്ചു. അന്നുമുതലിങ്ങോട്ട് നെഹ്റു-ഗാന്ധി കുടുംബത്തിന്റെ സ്തുതിഗായകർ.




സോണിയഗാന്ധി

നഷ്ടപ്പെട്ട മുതലും പ്രൗഢിയും പ്രശസ്തിയുമൊക്കെ പലിശയടക്കം തിരിച്ചുപിടിച്ചു. ഇടപാടുകാരെ വഞ്ചിച്ചതിന് അനുഭവിച്ച ജയിൽവാസം സ്വാതന്ത്ര്യസമരത്തിന്റെ കണക്കിൽ എഴുതിച്ചേർത്തു. ഉണ്ണൂണ്ണിച്ചായന് ആദ്യം പത്മശ്രീ കിട്ടി. പിന്നെ പത്മവിഭൂഷൻ. രണ്ടാമത്തെ അവസരത്തിൽ അസൂയാലുക്കൾ അസാരം പ്രശ്നമുണ്ടാക്കി. 'പട്ടീടെ വാലിനും പത്മവിഭൂഷണം' എന്ന് കോട്ടയത്ത് കേരള കോൺഗ്രസുകാർ പാടിനടന്നു. പിന്നീട് മാത്തുക്കുട്ടിച്ചായന് പത്മഭൂഷൻ കിട്ടി. മകൻ രാജന് പത്മശ്രീയും കിട്ടി.



രജത്ശർമ

ഇത്രയുമൊക്കെയായല്ലോ, ഇനി മണിയടി നിറുത്താം, മുഖസ്തുതി അവസാനിപ്പിച്ചുകളയാം എന്ന് കണ്ടത്തിൽക്കാർ കരുതുമോ? ഒരിക്കലുമില്ല. ആദിത്യചന്ദ്രന്മാരും നെഹ്റു-ഗാന്ധി കുടുംബവുമുള്ളിടത്തോളം കാലം പത്രത്തിന്റെ നയത്തിൽ യാതൊരു മാറ്റവും പ്രതീക്ഷിക്കേണ്ടതില്ല. മദാമ്മാഗാന്ധിയെ എത്ര പ്രശംസിച്ചാലും മനോരമക്ക് മതിവരില്ല, കൊതിതീരില്ല. ആയമ്മയുടെ സൗന്ദര്യം, സൗശീല്യം, സന്മനോഭാവം, സഹാനുഭൂതി, സർവമത സമഭാവന...



നെഹ്റു

മലയാളത്തിന്റെ ൦ വട്ടത്തിൽ മനോരമയുടെ മണിനാദം ഒതുങ്ങിപ്പോകരുതെന്ന നിർബന്ധബുദ്ധിയിൽനിന്നാണ് 1982-ൽ ദ വീക്കിന്റെ ഉദ്ഭവം. മുതലാളിയുടെ മൂത്ത മകനാണ് ചീഫ് എഡിറ്റർ, ഇളയ മകൻ പ്രിന്ററും പബ്ലിഷറും. പേരുപോലെ വീക്കാണ് വീക്ക്. ഇക്കിളി റിപ്പോർട്ടുകൾ, ആഴം കുറഞ്ഞ വിശകലനങ്ങൾ, അർധനഗ്ന ചിത്രങ്ങൾ. തനി പഞ്ചാരപ്പാലുമുട്ടായി.



അർണബ് ഗോസ്വാമി

നെഹ്റു-ഗാന്ധി കുടുംബാംഗങ്ങളെ ശ്ലാഘിക്കാൻ കിട്ടുന്ന ഒരവസരവും പാഴാക്കാറില്ല. ദ വീക്ക്. ഒന്നിടവിട്ട ലക്കങ്ങളിൽ മദാമ്മയുടെയും മക്കളുടെയും വർണചിത്രങ്ങൾ നിർബന്ധം. കല്യാണപ്രായം കഴിഞ്ഞു കരനിറഞ്ഞുനിൽക്കുന്ന ചെറുപ്പക്കാരെക്കുറിച്ചുള്ള ലേഖനത്തിൽവരെ രാഹുൽജിക്കാണ് പ്രാധാന്യം.



മിലിന്ദ് ദേവ്റ

സ്വാതന്ത്ര്യപ്രാപ്തിയുടെ വജ്രജൂബിലിയും പ്രസിദ്ധീകരണത്തിന്റെ രജതജൂബിലിയും പ്രമാണിച്ച് വിവിധ മേഖലകളിൽ ഉയർന്നുവരുന്ന പ്രതിഭകളെ ദ വീക്ക് കണ്ടെത്തുന്നു. ഐ. എം. ആർ. ബി. ഇന്റർ നാഷനൽ ആണ് ഓരോ രംഗത്തെയും പ്രതിഭകളെ ഷോർട്ട്ലിസ്റ്റ് ചെയ്തിട്ടുള്ളത്. വിദഗ്ധരടങ്ങിയ ജൂറിയാണ് വിജയിയെ തെരഞ്ഞെടുക്കുക. രാഷ്ട്രീയം, സിനിമ, സ്പോർട്സ് എന്നീ വിഭാഗങ്ങളിൽ വായനക്കാർക്കും അഭിപ്രായം അറിയിക്കാൻ അവകാശമുണ്ട്.

രാഷ്ട്രീയത്തിൽ ഉദിച്ചുയരുന്ന താരങ്ങൾ എന്ന് വിശേഷിപ്പിച്ച് വീക്ക് അവതരിപ്പിക്കുന്ന അഞ്ചുപേരെ പരിചയപ്പെടുക:

**ഒന്ന്:** രാഹുൽഗാന്ധി. അമേതിയിൽനിന്നുള്ള പാർലമെന്റംഗം. മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെയും യു. പി. എ. അധ്യക്ഷ സോണിയ ഗാന്ധിയുടെയും മകൻ. ഇന്ദിരാഗാന്ധിയുടെ പൗത്രൻ. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ ചെറുമകൻ.

**രണ്ട്:** മിലിന്ദ് ദേവ്റ. സൗത്ത് മുംബൈ എം. പി. മഹാരാഷ്ട്ര പി. സി. സി. മുൻ പ്രസിഡന്റ് മുരളി ദേവ്റയുടെ മകൻ.

**മൂന്ന്:** സചിൻ പൈലറ്റ്. ദൗസയെ ലോക്സഭയിൽ പ്രതിനിധാനം ചെയ്യുന്ന അംഗം. മുൻ കേന്ദ്രമന്ത്രി രാജേഷ് പൈലറ്റിന്റെ മകൻ, മുൻ ജമ്മുകാശ്മീർ മുഖ്യൻ ഫാറൂഖ് അബ്ദുല്ലയുടെ ജാമാതാവ്.

**നാല്:** ഒമർ അബ്ദുല്ല. മുൻ കേന്ദ്രമന്ത്രി. കാശ്മീർ സിംഹം ഷെഖ് അബ്ദുല്ലയുടെ പൗത്രൻ, ഫാറൂഖ് അബ്ദുല്ലയുടെ പുത്രൻ, സചിൻ പൈലറ്റിന്റെ സ്യാലൻ.

**അഞ്ച്:** ജ്യോതിരാദിത്യ സിന്ധ്യ: ഗ്വാളിയോറിലെ യുവരാജാവ്, ഗ്ണെയിൽനിന്നുള്ള ജനപ്രതിനിധി. മുൻ കേന്ദ്രമന്ത്രി മാധവറാവു സിന്ധ്യയുടെ മകൻ. രാജസ്ഥാൻ മുഖ്യമന്ത്രി വസുന്ധരാ രാജെയുടെ അനന്തരവൻ.




മുരളി ദേവ്റ

വീക്കിന്റെ ലിസ്റ്റ് എപ്പടി? അഞ്ചു യോഗ്യന്മാരും പരമ്പരാഗത രാഷ്ട്രീയക്കാർ. വിദ്യാർഥിപ്രസ്ഥാനത്തിലിറങ്ങി ചുമ്മാതങ്ങ് മുദ്രാവാക്യം വിളിച്ച് നേതാവായ ഏഴാംകൂലികളല്ല. ഇവരാരും. പ്രഗല്ഭരായ പിതാക്കളുടെ പിൻഗാമികളായി ദേശസേവനത്തിനിറങ്ങിയ രാജകുമാരന്മാർ. വായിൽ തങ്കക്കരണ്ടിയുമായി പിറന്നുവീണവർ, വിദേശബിരുദം നേടിയവർ, സുരക്ഷിത മണ്ഡലങ്ങളിൽനിന്ന് ലോക്സഭാംഗങ്ങളായവർ.



സചിൻ പൈലറ്റ്

ഒമർ അബ്ദുല്ലയൊഴികെ നാലുപേരും കോൺഗ്രസുകാർ. അച്ചായന്മാർ കൊണ്ടു പിടിച്ച് ശ്രമിച്ചിട്ടും കണ്ടെത്താൻ കഴിയാത്തതെന്തെന്നാൽ ബി. ജെ. പി.-യിലോ സി. പി. എമ്മിലോ എസ്. പി.-ബി. എസ്. പി.-കളിലോ കൊള്ളാവുന്ന ചെറുപ്പക്കാരെയത്രേ. എന്തുചെയ്യാം? കണ്ടത്തിൽക്കാരടക്കം തറവാടികളത്രയും കഴിഞ്ഞ ആറുപതിറ്റാണ്ടായി കോൺഗ്രസുകാരാണ്.




ജ്യോതിരാദിത്യ സിന്ധ്യ

നമ്മുടെ സതീശൻ പാച്ചേനിയേക്കാൾ, വി. ഡി. സതീശനേക്കാൾ, പി. സി. വിഷ്ണുനാഥിനേക്കാൾ എന്തെങ്കിലും മേന്മ അവകാശപ്പെടാവുന്നവരാണോ, വീക്ക് പാടുപെട്ട് കണ്ടെടുത്ത പഞ്ചമഹാ യുവകേസരികൾ? ശാസ്താംകോട്ടയിൽ ഒരിടത്തരം കുടുംബത്തിൽ ജനിച്ചതുകൊണ്ട് വിഷ്ണുനാഥ് കെ. എസ്. യു. പ്രസിഡന്റും ചെങ്ങന്നൂർ എം. എൽ. എ.-യുമായി. ഗ്വാളിയോർ രാജകൊട്ടാരത്തിൽ പിറന്നിരുന്നെങ്കിൽ ജ്യോതിരാദിത്യ സിന്ധ്യയേക്കാൾ, നെഹ്റു-ഗാന്ധി കുടുംബത്തിലെങ്കിൽ രാഹുൽഗാന്ധിയേക്കാൾ കേമനാകുമായിരുന്നു.



ഒമർ അബ്ദുല്ല

പ്രസിദ്ധരായ പൂർവികരുടെ മേൽവിലാസമില്ലെങ്കിൽ ഈ യുവ രാഷ്ട്രീയ പ്രതിഭകളുടെ ഭാഗധേയം എന്താകുമായിരുന്നു? 1975-ൽ പുനരാരംഭിച്ച നാഷനൽ കോൺഫറൻസിന്റെ ഭരണത്തിന് യവനിക വീണത് 2002 ഒക്ടോബറിൽ ഒമർ അബ്ദുല്ലയുടെ നേതൃത്വത്തിൽ തെരഞ്ഞെടുപ്പിനെ നേരിട്ട വേളയിലാണ്. രാഹുൽഗാന്ധിയുടെ ജനസമ്മതി എത്രയെന്ന് ഏപ്രിലിൽ നടക്കുന്ന യു. പി. വിധാൻസഭാ തെരഞ്ഞെടുപ്പ് തെളിയിക്കും.




വി. ഡി. സതീശൻ

ഈവകയൊന്നും അറിയാത്തവരല്ല കോട്ടയം അച്ചായന്മാർ. മനുഷ്യരെ മണ്ടന്മാരാക്കുന്നതിൽ, മണ്ടന്മാരെ മരമണ്ടന്മാരായി നിലനിറുത്തുന്നതിലാണ് അവരുടെ വ്യാപാര വിജയം കുടികൊള്ളുന്നത്. മറ്റൊരു സംഗതി: മോത്തിലാൽ, ജവഹർ ലാൽ, ഇന്ദിര, രാജീവ്, രാഹുൽ; മാമ്മൻ മാപ്പിള, കെ. എം. മാത്യു, മാമ്മൻ മാത്യു, ജയന്ത് മാമ്മൻ എന്ന ക്രമത്തിലേ അവർക്ക് ചിന്തിക്കാൻ കഴിയൂ.



വസുന്ധരാ രാജെ

വിക്രംചന്ദ്ര, അർണബ് ഗോസ്വാമി, ബർഖദത്ത്, രജത്ശർമ എന്നീ വിദഗ്ധരാലും വീക്കിന്റെ വായനക്കാരാലും തെരഞ്ഞെടുക്കപ്പെടാൻ പോകുന്ന താരം ആരായിരിക്കും? ഞാൻ ബെറ്റുവെക്കാൻ തയ്യാറാണ്. ഉത്തരം: രാഹുൽഗാന്ധി. മിലിന്ദ് ദേവ്റയോ സചിൻ പൈലറ്റോ ഒമർ അബ്ദുല്ലയോ ജ്യോതിരാദിത്യസിന്ധ്യയോ രാഹുലിനേക്കാൾ വഷളന്മാരായതുകൊണ്ടല്ല, ഹിതപരിശോധന നടത്തുന്നത് കണ്ടത്തിലെ അച്ചായന്മാരായതുകൊണ്ടുതന്നെ.



മോത്തിലാൽ

മിലിന്ദിനോ സചിനോ ജ്യോതിരാദിത്യനോ രാഹുൽജിയേക്കാൾ വോട്ടു കിട്ടിയാൽ അവരുടെ കാര്യം കട്ടപ്പുക! കുൽദീപ് ബിഷ്ണോയ് (ഭിവാനിയിൽനിന്നുള്ള പാർലമെന്റ് മെമ്പർ, ബൻസിലാലിന്റെ മകൻ) പോയ വഴി പോകാം. അതുകൊണ്ട് ദേവ്റ, പൈലറ്റ്, സിന്ധ്യ കുമാരന്മാർ മാമ്മൻ മാത്യുവിന്റെ കാലുപിടിച്ച് ചതിക്കല്ലേ മുതലാളീ എന്നപേക്ഷിക്കാനുമുണ്ട് സാധ്യത.




കെ. എം. മാത്യു

രാഹുൽഗാന്ധി 2007-ലെ ഉദയതാരമായി വാഴ്ത്തപ്പെടുകയാൽ സ്വാതന്ത്ര്യലബ്ധിയുടെ 60-ാം വാർഷികവും വീക്കിന്റെ 25-ാം വാർഷികവും ധന്യമാകും എന്ന് നിശ്ചയം.

വെന്നരിയെ യു. പി. കാക്കുവാൻ കോപ്പിട്ടും നൃപതിയുടെ കരങ്ങൾക്ക് പുരസ്കാരലബ്ധി കരുത്തുപകരുമെന്നതിലുമില്ല സന്ദേഹം. യു. പി. എ. ഭരണം അവസാനിക്കും മുമ്പ് ഫിലിപ്പ് മാത്യു, ജേക്കബ് മാത്യു എന്നിവർക്ക് കൂടിയും 'പത്മ' പുരസ്കാരങ്ങൾ പ്രതീക്ഷിക്കാവുന്നതാണ്. ധർമോസ്മദ് കുലദൈവതം!

□

## അഡ്വക്കറ്റ് എ. ജയശങ്കർ



അഭിഭാഷകനും രാഷ്ട്രീയ നിരീക്ഷകനും രാഷ്ട്രീയ നിരൂപകനുമാണ് അഡ്വക്കറ്റ് എ. ജയശങ്കർ. മാധ്യമം ദിനപത്രത്തിൽ 'കെ. രാജേശ്വരി' എന്ന തൂലികാ നാമത്തിൽ എഴുതിയ ലേഖനങ്ങൾ ശ്രദ്ധിക്കപ്പെട്ടിരുന്നു. മലയാളികൾക്കിടയിൽ അദ്ദേഹം കൂടുതൽ പ്രശസ്തി നേടിയത് ഇന്ത്യാവിഷൻ ചാനലിലെ പ്രതിവാര ദിനപത്ര അവലോകന പരിപാടിയായ വാരാന്ത്യം എന്ന പരിപാടിയിലൂടെയാണ്. തനതായ ഒരു അവതരണ ശൈലിയാണ് ഈ പരിപാടിയിൽ അദ്ദേഹം പ്രകടമാക്കുന്നത്. മലയാളത്തിലെ പ്രമുഖ വാർത്താ ചാനലുകളിലെല്ലാം രാഷ്ട്രീയ ചർച്ചകളിൽ സ്ഥിരം സാന്നിധ്യമാണ് ഇദ്ദേഹം. കേരള രാഷ്ട്രീയത്തിലെയും ഇന്ത്യൻ രാഷ്ട്രീയത്തിലെയും ജയശങ്കറിന്റെ അഗാധമായ അറിവിനൊപ്പം ഹാസ്യവും ഗൗരവവും കലർന്ന അദ്ദേഹത്തിന്റെ നിർഭയത്വതോടെയുള്ള അവതരണ രീതിയും ഏറെ ജനപ്രിയമാണ്.

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

---

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014